the wear and tear is great. I may assure the honourable members that an allotment has been set apart not only for concrete roads but also for village roads and metalled roads. These amounts will be kept intact year after year and the expenditure will be made on the recommendations of the Public Works Advisory Committee.

MR. PULIYOOR T. P. VELAYUDHAN PILLAI: I do not press the motion.

The motion was by leave withdrawn.

The question that a sum of Rs. 84,40,555 be granted under Demand III—Public Works Department including Water works and Drainage—was then put to vote and carried. The grant was made.

DEMAND IV—GENERAL ADMINISTRATION.

RAJYASEVAPRAVINA G. PARAMESWARAN PILLAI: I move for a grant of Rs. 4,49,555 under Demand IV—General Administration—excluding Financial Secretariat, Accountant General's office, Legislative Bodies and Local Fund Audit Department.

PRESIDENT: The cut motions Nos. 1, 2 and 3 are out of order. As motion No. 4, standing in the name of Mr. C. K. Sankara Pillai refers to a reduction of the total allotment, it is in order. All those members who have given notice of motions for reduction of total allotment, and all other members following the procedure now adopted, can speak on that motion.

Motion Nos. 1 to 3.

The following motions were ruled out of order:

		Rs.
1	To reduce the allotment of Rs. 24,220 for Assistant Secretaries by	1
2.	To reduce the allotment of Rs. 52,310 for salaries by ..	1
3.	To reduce the allotment of Rs. 25,300 for travelling allowance by	1

Motion No. 4.

MR. C. K. SANKARA PILLAI: I beg to move the following motion:

	Re.
To reduce the total allotment of Rs. 3,75,832 for General and Revenue Secretariat by ...	1

MR C. K. SANKARA PILLAI: സർ, തിരുവിതാംകൂർ രാജ്യത്തുള്ള പോലീസ് ലാക്കപ്പുകളിൽകിടക്കുന്ന പുള്ളികളുടെ ശോച്യാവസ്ഥയെ പ്പറ്റി വിശദീകരിക്കുന്നതിനാണെഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

Mr. C. K. Sankara Pillai

സർ, മിക്ക ലാക്കപ്പുകളിലും ഇട്ടിരിക്കുന്ന പുള്ളികളെ അവരുടെ യാതൊരു സൗകര്യമോ, യോഗ്യതയോ നോക്കാതെ, വെറും മൃഗങ്ങളേപ്പോലെ കൂട്ടിലടച്ചാണ് ഇട്ടിരിക്കുന്നത്. നേരം വെളുക്കുമ്പോൾ ഓരോരുത്തർ ഓരോ കുടവും കൊണ്ട് വെളിയിൽ ഇറങ്ങും അവർ ലാക്കപ്പും, അതിനുചുറുമുള്ള പരിസരങ്ങളും തൂത്തുവൃത്തിയാക്കിയതിനുശേഷം, ഈ കുടങ്ങളും എടുപ്പിച്ച്, മലമൂത്ര വിസർജ്ജനത്തിനായി വെളിയിൽ കൊണ്ടുപോകപ്പെടുന്നു. സൂക്ഷിക്കുന്നതിനായിട്ട് കൂടെപ്പോകുന്ന പോലീസുകാർ, അവരെ റോഡരികത്തുള്ള പുറമ്പോക്കുസ്ഥലങ്ങളിൽ കൊണ്ടുചെന്ന് ഇരുത്തുന്നു. അവർ അവിടെ നിരന്നിരുന്ന മലമൂത്രവിസർജ്ജനം ചെയ്യുന്നത് റോഡിൽക്കൂടി പോകുന്ന ജനങ്ങളെല്ലാം കാണേണ്ടിവരുന്നു. ഞാൻ ഇത് പല അവസരങ്ങളിലും കണ്ടിട്ടുണ്ട്. മാവേലിക്കര ടൌണിന്റെ തെക്കുഭാഗത്തായിട്ട പുല്ലംപിലാവു എന്ന് ഒരു സ്ഥലം ഉണ്ട്. റോഡിന്റെ ഇരുവശത്തും ധാരാളം ആളുകൾ കൂടി പാർക്കുന്നുണ്ട്. അവിടെയുള്ള സ്ത്രീകൾക്കും, പുരുഷന്മാർക്കും, മാത്രമല്ല റോഡിൽക്കൂടി കടന്നുപോകുന്നവർക്കും നല്ലപോലെ കാണത്തക്കവണ്ണമാണ് ഇവരെ കൊണ്ടുചെന്നിരുത്തുന്നത്. യോഗ്യന്മാരായ അനവധി ആളുകൾ അവിടങ്ങളിൽ ഉണ്ട്. പെൺകുട്ടികളും മറ്റും പള്ളിക്കൂടത്തിൽ പോകുന്നതും ഈ റോഡിൽക്കൂടിയാണ്. മാത്രമല്ല, പുരുഷന്മാർതന്നെ കുടുംബസമേതം ചിലപ്പോൾ ആ വഴി പോകേണ്ടതായിവരും; അങ്ങിനെവരുമ്പോൾ, ഈ കാഴ്ചകണ്ടുകൊണ്ട്, സ്ത്രീകൾ തലകുനിച്ച് പുറംതിരിഞ്ഞുനിന്ന് വിഷമിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അങ്ങിനെയല്ലാതെ അവിടെ യാതൊരു ഗത്യന്തരവുമില്ല. അതുമാത്രമല്ല ഇപ്രകാരം പരസ്യമായി മലമൂത്രവിസർജ്ജനം ചെയ്യുന്നതു ഒരു തോട്ടരുകിലുമാകുന്നു. ഇതും റോഡരുകിലാണ്. അവിടെയും ജനങ്ങൾ നിബിഡമായി താമസിക്കുന്ന ഒരു സ്ഥലമാണ്. അവിടെയും മേൽപ്പറഞ്ഞതുപോലെ പോലീസുകാരുടെ അകമ്പടിയോടുകൂടി പുള്ളിക്കാരെ തോടിന്റെ ഇരുവശത്തുമായി മലമൂത്രവിസർജ്ജനം ചെയ്യിപ്പിക്കുന്നു. അതുപോലെ ചെങ്ങന്നൂരും ജനങ്ങൾ സഞ്ചരിക്കുന്ന റോഡിന്റെ ഇരുവശത്തുമുള്ള പുറമ്പോക്കുസ്ഥലങ്ങളിലും മറ്റും മലമൂത്രവിസർജ്ജനം ചെയ്യിപ്പിക്കുന്നുണ്ട്. പള്ളിക്കൂടങ്ങളിലും, അമ്പലങ്ങളിലും പോകുന്ന കുട്ടികളും, സ്ത്രീകളും; ചന്തകളിലും മറ്റും പോകുന്ന സ്ത്രീപുരുഷന്മാർ, വഴിയാത്രക്കാർ, എന്നുതുടങ്ങി സകല ആളുകൾക്കും അതു ഒരു അത്ഭുതമായ കാഴ്ചയെന്നു മാത്രമല്ല, പരിഷ്കൃതോൽമുഖമായ വഞ്ചിരാജ്യത്തുള്ള ഒരു പരിഷ്കൃത നടപടിയും കൂടിയാകുന്നു. ഇതിന് ഞാൻ പോലീസുകാരെ കുറപ്പെടുത്തുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ആളില്ലാത്ത സ്ഥലംനോക്കി, വല്ല മൂലയിലൊ മുടിക്കിലോ ഇവരെ കൊണ്ടിരുത്തിയാൽ, അവരിൽ ഒന്നോ രണ്ടോപേർ ഒളിച്ചോടി പോകുമെന്നുകിൽ ഉദ്യോഗം പോകുമല്ലൊ എന്നുള്ള ഭയംകൊണ്ടാണ് ഇങ്ങനെ കാണത്തക്കവണ്ണം ഇരുത്തിയിരിക്കുന്നത്. യോഗ്യന്മാരായ പലരും ഈ പള്ളിക്കാരുടെ കൂട്ടത്തിൽ ഉണ്ട്. അവരെക്കൊണ്ട് കടവും എടുപ്പിച്ചു കൊണ്ട് പരസ്യമായി റോഡിൽകൂടി കൊണ്ടുപോകുന്നതുതന്നെ കാണുന്നത് കഷ്ടം. വഴിപോക്കർ കാണത്തക്കവണ്ണം അവരെ റോഡരുകിൽ ഉള്ള സ്ഥലങ്ങളിൽ ഇരുത്തി മലമൂത്രവിസർജ്ജനം ചെയ്യിപ്പിക്കുന്നത് അതിലും കഷ്ടം. രാഷ്ട്രീയ തടവുകാരായാലും കൊള്ളാം, മോഷണപ്പുള്ളികളായാലും കൊള്ളാം, മറ്റു തരത്തിലുള്ള കുറ്റക്കാരായാലും കൊള്ളാം, എല്ലാപേരേയും ഒരുമിച്ചു തന്നെ ലാക്കപ്പാകുന്ന ഇരുട്ടറയിൽ ഇട്ടു പൂട്ടുന്നു. അന്തസ്സോടും അഭിമാനത്തോടുംകൂടി ജീവിതം നയിച്ചു യോഗ്യന്മാരായ പത്തു പതിനഞ്ചുപേരെ ഒന്നിച്ചു നിരത്തിയിരുത്തി വെളിക്കിറങ്ങാൻ ആവശ്യപ്പെടുന്നതു ഞാൻ കണ്ടിട്ടുണ്ട്. രാഷ്ട്രീയ കുറ്റാരോപണത്തിന്മേൽ ലാക്കപ്പിലിട്ടിരുന്നവരാണവർ ഒരവസരത്തിൽ അല്പം എനിക്കും അനുഭവപ്പെട്ടിട്ടുണ്ട്. ലാക്കപ്പിൽ കേറിയാൽ ആളും തരവും ഒന്നും നോക്കുകയില്ലെന്നുള്ള വസ്തുത ഈ അവസരത്തിൽ മറ്റുള്ളവർക്കും ഒരു പാഠമായിരിക്കട്ടെ. നാം പബ്ലിക്ക് ഡെപ്പാർട്ടുമെന്റിൽ വലിയ സംഖ്യ ചെലവാക്കുന്നു; എന്നിട്ട് അതിന് വിപരീതമായ പ്രവർത്തികളാണ് പോലീസ് നടത്തുന്നു. ആയതിനാൽ ഈ ജയിൽ പള്ളികളോടു കൂടിക്കൂടി മനുഷ്യത്വമായി പെരുമാറുകയും, ഇവർക്കു മലമൂത്രവിസർജ്ജനം ചെയ്യുന്നതിനുള്ള സൌകര്യം അതാതു പോലീസു സ്റ്റേഷൻ കമ്പൗണ്ടിൽത്തന്നെ ഉണ്ടാക്കിക്കൊടുക്കയും ചെയ്യണമെന്നുള്ള എന്റെ അപേക്ഷ, ഈ അസംബളിയിൽ സന്നിഹിതരായിരിക്കുന്ന എല്ലാ ബഹുമാന്യ മെമ്പറന്മാരും ഐകകണ്ഠ്യേന സമ്മതിക്കുന്നതിനും പുറമേ ഗവണ്മെൻറിന്റെ ദയാദൃഷ്ടി ഈ കാര്യത്തിൽ പതിയുമെന്നും ഞാൻ വിശ്വസിക്കുന്നു.

S. VAIDYANATHA AIYAR,
Secretary to the Sri Mulam Assembly.

LIBRARY ARCHIVES Kerala Legislative Assembly